# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4518 | 22/07/2015 ൽ മറുപടിക്ക് |
|---|---|

## വിജിലൻസ് കേസുകൾ പിൻവലിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.സി.കെ.സദാശിവൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വിജിലൻസ് കേസുകൾ പിൻവലിക്കുന്നത് സംബന്ധിച്ച നയം വെളിപ്പെടുത്താമോ ; | (എ) | കോടതിയിൽ ദീർഘകാലമായി നിലനിൽക്കുന്ന കേസുകളിൽ ചുമത്തപ്പെട്ട കുറ്റങ്ങൾ തെളിയിക്കാൻ ആവശ്യമായ പ്രാഥമിക തെളിവുകളുടെ അഭാവം കൊണ്ട് അത്തരം കേസുകളുടെ വിചാരണ നടത്തുന്നത് കോടതിയുടെ സമയവും അതു പോലെ കേസുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും പൊതുജനങ്ങളുടേയും വിലപ്പെട്ട സമയവും വൃഥാ പാഴാക്കപ്പെടുന്നതായ സാഹചര്യത്തിലും, കുറ്റാരോപിതൻ ആരോപിക്കപ്പെട്ട കുറ്റം ചെയ്യാൻ ഇടയില്ലാത്ത സാഹചര്യവും നിലനില്ക്കുന്നതായി ഉത്തമ ബോദ്ധ്യം ഉണ്ടായാൽ പൊതുജന താല്പര്യം കണക്കിലെടുത്ത് സർക്കാരിന് നഷ്ടമുണ്ടായിട്ടുള്ള കേസുകളിൽ നഷ്ടം ഈടാക്കാൻ മറ്റു നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം പ്രസ്തുത കേസ് കോടതിയിൽ നിന്നും പിൻവലിയ്ക്കാൻ ആവശ്യമായ അനുമതിയ്ക്കായി ബന്ധപ്പെട്ട കോടതിയെ സമീപിക്കാൻ കേസുകളുടെ ചുമതലയുള്ള പബ്ലിക് പ്രോസിക്യൂട്ടർക്ക് നിർദ്ദേശം നൽകുകയാണ് സർക്കാർ സ്വീകരിക്കുന്ന നടപടി. |
| (ബി) | വിജിലൻസ് അന്വേഷണം നടത്തി കോടതിയിൽ കുറ്റപത്രം സമർപ്പിച്ച കേസുകൾ സർക്കാർ പിൻവലിക്കുകയുണ്ടായോ ; പ്രോസിക്യൂഷൻ ഘട്ടത്തിലുള്ളവയും പിൻവലിക്കുകയുണ്ടായോ; | (ബി) | വിജിലൻസ് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ച് പ്രോസിക്യൂഷൻ ഘട്ടത്തിലുള്ള നാല് വിജിലൻസ് കേസുകൾ പിൻവലിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ പിൻവലിച്ച കേസുകൾ ഏതൊക്കെ ; പ്രതികൾ ആരൊക്കെയായിരുന്നു ; അന്വേഷണം നടത്തി തുടർ നടപടി അവസാനിപ്പിച്ചവ എത്ര ; ഏതൊക്കെ ; | (സി) | ഈ സർക്കാർ പിൻവലിച്ച കേസുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><u>1) വി.സി.03/1997/കെ.എസ്.ഡി</u><br>ശ്രീ.സുന്ദർ സിംഗം മറ്റ് രണ്ട് പേരും 1997 - ൽ (കൃഷി ഓഫീസർ, ഗൗളിമുഖ, കാസർകോഡ് ജില്ല ) 75,000/- രൂപ ദുർവിനിയോഗം ചെയ്തതായ ആരോപണത്തിന്മേൽ രജിസ്റ്റർ ചെയ്ത കേസ്. പ്രതിയെ കണ്ടെത്താൻ കഴിയാത്തതു കൊണ്ടും മറ്റ് പ്രതികളെ കുറ്റവിമുക്തരാക്കിയതിനാലും 18.1.2014 തീയതിയിലെ ജി.ഒ.(ആർ.റ്റി) 11/2014/വിജി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേസ് പിൻലിയ്ക്കാൻ ഉത്തരവ് ആകുകയും 17.04.2014 - ൽ കോഴിക്കോട് കോടതി അത് അംഗീകിരിക്കുകയും ചെയ്തു.<br><u>2) വി.സി.01/2001/എ.എൽ.പി.</u><br>ശ്രീ.കെ.കെ.ശശിധരൻ (മുൻ ഡയറക്ടർ സംസ്ഥാന ജലഗതാഗത വകുപ്പ് ), ശ്രീ.കെ.ബാബു (എൻജിനീയർ), ശ്രീ.സി.എസ്.സുകുമാരപണിക്കർ (കോൺട്രാക്ടർ), |

| | | | |
|---|---|---|---|
| | | | ശ്രീ.ആർ.ചന്ദ്രശേഖരൻ നായർ (ഫിനാൻഷ്യൽ അസിസ്റ്റന്റ്) എന്നിവർ 1997-1998 കാലഘട്ടത്തിൽ 1,15, 907/- രൂപ ജലഗതാഗത വകുപ്പിന് നഷ്ടമുണ്ടാക്കിയ ആരോപണത്തിൻമേലുള്ള കേസ് 30.03.2012 തീയതിയിലെ ജി.ഒ.(എം.എസ)നം.13/2012/വിജി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പിൻവലിയ്ക്കാൻ ഉത്തരവാകുകയും 31.03.2014 - ൽ കോട്ടയം കോടതി അംഗീകരിക്കുകയും ചെയ്തു.<br>3. വി.സി.06/2009/സി.ആർ.ഇ<br>4.വി.സി.07/2009/സി.ആർ.ഇ.<br>ശ്രീ.ജി.മോഹൻദാസ് (മുൻ മാനേജിംഗ് ഡയറക്ടർ, എറണാകുളം വെയർഹൗസിംഗ് കോർപ്പറേഷൻ ) 2005-2006 കാലയളവിൽ മാസ ശമ്പളാടിസ്ഥാനത്തിൽ നടത്തിയ അനധികൃത നിയമനങ്ങളുമായി ബന്ധപ്പെട്ട കേസ് 20.06.2012 ലെ 31/2012/വിജി എന്ന സർക്കാർ ഉത്തരവ് പ്രകാരം 25.09.2012 ൽ തൃശ്ശൂർ വിജിലൻസ് കോടതി പിൻവലിച്ചു. |
| (ഡി) | പ്രസ്തുത കേസുകൾ പിൻവലിക്കുന്നതിന് നിയമോപദേശം വാങ്ങിയത് ആരിൽ നിന്നെല്ലാമായിരുന്നു ; | (ഡി) | അഡീഷണൽ പ്രോസിക്യൂഷൻ ഡയറക്ടറുടെ (വിജിലൻസ്) നിയമോപദേശമാണ് തേടിയത്. |
| (ഇ) | സർക്കാർ പിൻവലിക്കാൻ ഉത്തരവിട്ട ഏതെങ്കിലും കേസ്, കോടതി ഇടപെട്ട് തടയുകയുണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ ? | (ഇ) | വി.സി.01/1997/എസ്.സി.റ്റി. നമ്പർ വിജിലൻസ് കേസിൽ (പാമോലിൻ കേസ് ) അന്വേഷണം പിൻവലിക്കാൻ സർക്കാർ ഉത്തരവിട്ടിരുന്നു. എന്നാൽ തൃശ്ശൂർ വിജിലൻസ് കോടതി പുറപ്പെടുവിച്ച ഉത്തരവിൻമേൽ കേസ് പിൻവലിക്കാൻ അനുവദിച്ചില്ല. പ്രോസിക്യൂഷൻ നടപടികൾ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**